"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം (2021-22) സർക്കാർ തലത്തിൽ അപ്പീൽ കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

G.O.(Rt)No.3260/2022/GEDN തീയതി,തിരുവനന്തപുരം, 30-05-2022

പരാമർശം:- 1) 02.03.2019-ലെ സ.ഉ.(സാധാ) നം. 838/2019/പൊ.വി.വ.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.05.2022-ലെ എഡി.സി6/192430/2021/ഡിജിഇ നമ്പർ ഉത്തരവ്.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ. നം. 911/2022-ഉം അനുബന്ധ കേസുകളിലും പുറപ്പെടുവിച്ച 27.05.2022-ലെ ഉത്തരവ്

ഉത്തരവ്

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ 2021-22 വർഷത്തെ പൊതുസ്ഥലംമാറ്റം പരാമർശം (2) ഉത്തരവ് പ്രകാരം നടപ്പിലാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സ്ഥലംമാറ്റ ഉത്തരവിനെതിരെ സർക്കാരിലേക്ക് സമർപ്പിക്കുന്ന അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഒരു സംവിധാനം രൂപീകരിക്കുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) ഉത്തരവ് പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

(i) the 1st respondent -Government shall constitute a 5 member committee as stated by them consisting of senior officials in the Department forthwith

(ii) On constitution of the Committee the 1st respondent shall issue Notification providing 10 days time from the date of issuance of the above notification for those HSSTs aggrieved by the transfer orders to prefer their appeals

(iii) after the cut off date fixed for receipt of the appeals, the 5 member Committee shall consider the individual appeals on merits and submit their report with recommendations/suggestions to the Secretary, General Education Department, within a period of 4 weeks

(iv) On receipt of the report, 1 st respondent shall issue final orders

thereon within a period of one week from the date of receipt of the report.

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മുകളിൽ സൂചിപ്പിച്ച പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ 2021-22 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരെ സർക്കാരിലേക്ക് സമർപ്പിക്കുന്ന അപ്പീലുകൾ പരാമർശം (1) പ്രകാരമുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി താഴെപ്പറയുന്ന ഘടനയോടുകൂടിയ ഒരു അപ്പീൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

i ശ്രീ. മുഹമ്മദ് ഹനീഫ എം.എം. - കൺവീനർ
ജോയിന്റ് സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്
ii ശ്രീ. ഒ. എൻ. സക്കീർ ഹുസൈൻ - അംഗം
ജോയിന്റ് സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്
iii ശ്രീമതി സ്വപ്ന പി. - അംഗം
ഡെപ്യൂട്ടി സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്
iv ശ്രീ. ജയകുമാർ സി.എസ്. - അംഗം
അണ്ടർ സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്
v ശ്രീ. ദിലീപ് എസ്.എം. - അംഗം
അണ്ടർ സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്

3) ടി അപ്പീൽ കമ്മിറ്റി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ച സമയക്രമത്തിനുള്ളിൽ പരാതികൾ പരിശോധിച്ച നിർദ്ദേശം പൊതുവിദ്യഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. നോട്ടിഫിക്കേഷൻ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

4) ടി അപ്പീൽ കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ സംവിധാനങ്ങളും പൊതുവിദ്യഭ്യാസ ഡയറക്ടർ ഏർപ്പെടുത്തേണ്ടതാണ്.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് ഇത്തരത്തിൽ നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
PRINCIPAL SECRETARY

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം/എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം), തിരുവനന്തപുരം
ശ്രീ. മുഹമ്മദ് ഹനീഫ എം.എം., ജോയിന്റ് സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്

ശ്രീ. ഒ. എൻ. സക്കീർ ഹുസൈൻ, ജോയിന്റ് സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്

ശ്രീമതി സ്വപ്ന പി., ഡെപ്യൂട്ടി സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്

ശ്രീ. ജയകുമാർ സി.എസ്., അണ്ടർ സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്

ശ്രീ. ദിലീപ് എസ്.എം., അണ്ടർ സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
വിവര പൊതുജന സമ്പർക്ക (പ്രസ് റിലീസ്) വകുപ്പ് (പത്ര-ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണത്തിനായി)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (പൊതുവിദ്യഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി1/133/2022/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by V.sivakumar
Date: 30-05-2022 14:44:00

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്